2026
ഫെബ്രുവരി
LK/2018/15088

# ലിറ്റിൽ ന്യൂസ്

ഗവ: ഹൈസ്കൂൾ കുറുമ്പാല
https://schoolwiki.in/150885

MUNDAKKUTTY PO, KUPPADITHARA, WAYANAD, 670645, PH:04936 273578 littlekites15088@gmail.com

# മികവിന്റെ നെറുകയിൽ




കൈറ്റ് 'ഹരിതവിദ്യാലയം' റിയാലിറ്റി ഷോയുടെ നാലാം സീസണിൽ ഫൈനലിസ്റ്റിനുള്ള അരലക്ഷം രൂപയുടെ ക്യാഷ് അവാർഡും,ഫലകവും ബഹു.കേരള പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടിയിൽ നിന്ന് ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ്, എസ് ഐ ടി സി ഹാരിസ് കെ,വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു.

## കൈറ്റ് ഹരിത വിദ്യാലയ പുരസ്കാരം കുറുമ്പാല ഹൈസ്കൂൾ ഏറ്റുവാങ്ങി.

## കുറുമ്പാല ഗവ.ഹൈസ്കൂൾ സംസ്ഥാനത്തെ മികച്ച പത്ത് വിദ്യാലയങ്ങളിലൊന്ന്.

## ജില്ലയിൽ നമ്പർ വൺ.

# ഹരിത വിദ്യാലയം - പുരസ്കാര തിലകത്തിൽ




തിരുവനന്തപുരം:പൊതുവിദ്യാലയങ്ങളിലെ മികച്ച മാതൃകകൾ പങ്ക് വെക്കുന്നതിനായി സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൈറ്റ് സംഘടിപ്പിച്ച 'ഹരിതവിദ്യാലയം' വിദ്യാഭ്യാസ റിയാലിറ്റി ഷോയിൽ സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങളിലൊന്നായി വയനാട് ജില്ലയിലെ കുറുമ്പാല ഗവ. ഹൈസ്കൂൾ തിരഞ്ഞെടുക്കപ്പെട്ടു. വിദ്യാഭ്യാസ രംഗത്തെ മികച്ച മാതൃകകൾ പരിഗണിച്ച് അര ലക്ഷം രൂപയും, ശില്പവും, സർട്ടിഫിക്കറ്റും അടങ്ങുന്ന പുരസ്കാരം വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയിൽ നിന്നും സ്കൂൾ അധികൃതർ ഏറ്റുവാങ്ങി.

കഴിഞ്ഞ മൂന്ന് വർഷത്തിൽ സ്കൂൾ നടപ്പിലാക്കി വരുന്ന വിപ്ലവകരമായ മാറ്റങ്ങൾക്കുള്ള അംഗീകാരമാണ് ഈ പുരസ്കാരം.അക്കാദമിക മികവും തനത് പദ്ധതികളും പഠനനിലവാരം ഉയർത്തുന്നതിനായി സ്കൂൾ ആവിഷ്കരിച്ച വ്യത്യസ്തമായപദ്ധതികൾ വിധികർത്താക്കളുടെ പ്രത്യേക ശ്രദ്ധ നേടി.സബ്ജക്ട്ക്ലിനിക്ക്,ഒരു ദിനം ഒരുഅറിവ്,നിറവ്, പൊലിമ,അക്ഷരചെപ്പ്,കിരണം,ഒരു നല്ലറിവിന് ഒരു പൊതി സമ്മാനം, ടെപ്പ്,സ്റ്റാർ പദ്ധതി,പിറന്നാളിനൊരു പൂച്ചട്ടി എൻെറ വിദ്യാലയത്തിന്, തുടങ്ങിയ തനത് പദ്ധതികളും,സാങ്കേതിക വിദ്യയെ വിദ്യാഭ്യാസവുമായി കൂട്ടിയിണക്കുന്നതിന് ആവിഷ്കരിച്ച ലേണിംഗ് മൊബൈൽ ആപ്പ്, എൽ.കെ. ഇല്ലുമിനേഷൻ അവാർഡ് തുടങ്ങിയ ഐ സി ടി അധിഷ്ഠിത പ്രവർത്തനങ്ങളും, പരിസ്ഥിതി സൗഹൃദമായ പ്രവർത്തനങ്ങൾ,സ്കൂളിന്റെ ഭൗതിക സൗകര്യവികസനം,സാമൂഹിക പ്രതിബദ്ധതയുള്ള മറ്റ് പ്രവർത്തനങ്ങളും സ്കൂളിനെ പുരസ്കാരത്തിന് അർഹമാക്കി. തിരുവനന്തപുരത്ത് നടന്ന പ്രത്യേക ചടങ്ങിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ എസ് കെ ഉമേഷ്,കൈറ്റ് സി.ഇ.ഒ അൻവർ സാദത്ത്, എസ്. എസ്. കെ ഡയറക്ടർ എ.ആർ സുപ്രിയ,എസ് സി ഇ ആർ ടി ഡയറക്ടർ ആർ കെ പ്രകാശ് തുടങ്ങിയവർ സംബന്ധിച്ചു. ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ്, അധ്യാപകരായ ഹാരിസ് കെ, അനില എസ്, പിടിഎ വൈ.പ്രസിഡൻറ് ശ്രീനിവാസൻ,വിദ്യാർത്ഥി പ്രതിനിധികളായ ഫാത്തിമ ഫിദ വി (10എ), ഫാത്തിമ ഫിദ കെ (10എ), മുഹമ്മദ് അൽത്താഫ് (10എ),സുകന്യ സുനിൽകുമാർ (10എ),അൻസില പി എം (9എ), മുഹമ്മദ് റിജാസ് (9എ), കീർത്തന എൻ പി (8എ), നിവേദ് കെ എസ് (6എ) എന്നിവരടങ്ങുന്ന ടീമാണ് 2026 ഫെബ്രുവരി 28 ന് തിരുവനന്തപുരത്ത്നടന്ന ചടങ്ങിൽ വിദ്യാലയത്തെ പ്രതിനിധീകരിച്ച്പങ്കെടുത്തത്.

# കുറുമ്പാലയുടെ വിസ്മയക്കുതിപ്പ്:

## ഹരിത വിദ്യാലയം റിയാലിറ്റി ഷോയിലെ ആവേശയാത്ര






"ഇത് നടക്കില്ല സാറേ..." 2025 നവംബർ മാസത്തെ ആ സായാഹ്നത്തിൽ കൈറ്റ് വയനാട് ഡി സി ഹസീന മാഡം പങ്കുവെച്ച സർക്കുലർ വായിച്ചുതീർത്തപ്പോൾ എന്റെ ആദ്യ പ്രതികരണം ഇതായിരുന്നു. മൂന്ന് വർഷത്തെ അക്കാദമിക-ഭൗതിക രേഖകൾ,വീഡിയോകൾ, പ്രസന്റേഷനുകൾ...തുലാ മാലകൾ ഏറെയുള്ള ഒരു വലിയ പ്രക്രിയയായിട്ടാണ് 'ഹരിത വിദ്യാലയം' റിയാലിറ്റി ഷോയുടെ നാലാം പതിപ്പിനായുള്ള അപേക്ഷയെ ഞാൻ കണ്ടത്.എന്നാൽ, ആ 'പറ്റില്ല' എന്ന വാക്കിൽ നിന്ന് 'നമ്മൾ നേടി' എന്ന ആവേശത്തിലേക്കുള്ള കുറുമ്പാല സ്കൂളിന്റെ പ്രയാണം ഒരു സിനിമാക്കഥയെക്കാൾ നാടകീയവും അഭിമാനകരവുമാണ്.മഞ്ഞുരുകിയ നിമിഷങ്ങൾ.മടിയോടെ പിന്മാറാൻ നിന്ന എന്നെ പ്രേരിപ്പിച്ചത് ഹെഡ്മാസ്റ്റർ റഷീദ് സാറിന്റെ നിശ്ചയദാർഢ്യവും കൈറ്റിലെ മനോജ് സാർ, പ്രിയ ടീച്ചർ, ജിൻഷ തോമസ് എന്നിവരുടെ ആത്മവിശ്വാസം പകരുന്ന വാക്കുകളുമായിരുന്നു.

"കൊടുക്ക് സാറേ,കിട്ടും" എന്ന മനോജ് സാറിന്റെ വാക്കുകൾ ഹൃദയസ്പർശിയായിരുന്നു. ഒടുവിൽ, ലിറ്റിൽ കൈറ്റ്സ് അവാർഡിനുള്ള അപേക്ഷയിലെ ഒരു 'യെസ്' (Yes) എന്ന കോളത്തിന് വേണ്ടിയെങ്കിലും(ചോദിച്ചെങ്കിലോ) ഇതിന് തുടക്കമിടാം എന്ന് ഞങ്ങൾ തീരുമാനിച്ചു.



തുടർന്നങ്ങോട്ടുള്ള ദിവസങ്ങൾ കഠിനാധ്വാനത്തിന്റേതായിരുന്നു. അവധിദിനങ്ങളും രാവും പകലും.. മുഴുവൻ സഹപ്രവർത്തകരും പി.ടി.എയും ഒരേ മനസ്സോടെ കൂടെ നിന്നു.ഒടുവിൽ അപേക്ഷ സമർപ്പിച്ചു.



നവംബർ 27-ന് വന്ന ആ സന്ദേശം വിശ്വസിക്കാനായില്ല.നമ്മുടെ വിദ്യാലയം ഒന്നാം ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു! 850-ഓളം സ്കൂളുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 85 വിദ്യാലയങ്ങളിൽ ഒന്നായി കുറുമ്പാല മാറി. പിന്നെയെല്ലാം വേഗത്തിലായിരുന്നു.പ്രൊഫഷണൽ വീഡിയോ നിർമ്മാണം, ഡ്രോൺ ഷോട്ടുകൾ, കുട്ടികളുടെ ആങ്കറിംഗ്... സ്കൂളാകെ ഒരു ഉത്സവ പ്രതീതിയിലായി.

ജനുവരി 4-ന് രാത്രി ശബരി സ്പെഷ്യൽ ട്രെയിനിൽ തിരുവനന്തപുരത്തേക്ക് നടത്തിയ യാത്ര കുട്ടികൾക്കും ഞങ്ങൾ അധ്യാപകർക്കും മറക്കാനാവാത്ത അനുഭവമായിരുന്നു.

തലസ്ഥാനത്തെത്തിയ ഞങ്ങൾക്ക് സ്പീക്കറുടെ ഓഫീസിൽ നിന്നുള്ള സ്നേഹോഷ്മളമായ സ്വീകരമാണ് ലഭിച്ചത്. നിയമസഭയിലെ വി.ഐ.പി കസേരകളിലിരുന്നും മ്യൂസിയം സന്ദർശിച്ചും കുട്ടികൾ അറിവിന്റെ പുതിയ ലോകങ്ങൾ കണ്ടു.തുടർന്ന് കൈറ്റ് സ്റ്റുഡിയോയിലേക്ക്.

ഫ്ലോർ ഷൂട്ടിംഗിന്റെ ആവേശം കൈറ്റ് വിക്ടേഴ്സ് സ്റ്റുഡിയോയിലെ കണ്ണഞ്ചിപ്പിക്കുന്ന വെളിച്ചത്തിന് മുന്നിൽ കുറുമ്പാലയുടെ പ്രതിനിധികൾ പതറാതെ നിന്നു.





മെന്റർമാരുടെ ചോദ്യങ്ങൾക്ക് ആത്മവിശ്വാസത്തോടെ മറുപടി നൽകിയ ആ 45 മിനിറ്റുകൾ ചരിത്രത്തിന്റെ ഭാഗമാവുകയായിരുന്നു. ശക്തമായ കാലുവേദനയെ അവഗണിച്ചും ടീമിനെ നയിച്ച റഷീദ് സാറിന്റെ ഊർജ്ജസ്വലത ഞങ്ങൾക്ക് വലിയ കരുത്തായി.

തുടർന്ന് സ്കൂളിലെത്തിയ വിദഗ്ധ സമിതിയുടെ സന്ദർശനവും വിദ്യാലയത്തിന്റെ ഓരോ മുക്കിലും മൂലയിലുമുള്ള മികവുകൾ അവർ നേരിട്ട് ബോധ്യപ്പെട്ടതും ഞങ്ങളുടെ പ്രതീക്ഷകൾ വർദ്ധിപ്പിച്ചു. ഫെബ്രുവരി 14-ന് നടന്ന രണ്ടാം ഘട്ടത്തിലും വയനാട് ജില്ലയിൽ നിന്ന് കുറുമ്പാല മാത്രം തിരഞ്ഞെടുക്കപ്പെട്ടു.

ഒരു നൂറ്റാണ്ടിന്റെ സ്വപ്നസാഫല്യം. 2026 ഫെബ്രുവരി 28. കേരളത്തിന്റെ കണ്ണും കാതും തിരുവനന്തപുരത്തെ ആ വേദിയിലായിരുന്നു. നൂറിലധികം വർഷത്തെ പാരമ്പര്യമുള്ള കുറുമ്പാല സ്കൂൾ ഇന്ന് കേരളത്തിലെ മികച്ച പത്ത് വിദ്യാലയങ്ങളിൽ ഒന്നായി പ്രഖ്യാപിക്കപ്പെട്ടു! ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയിൽ നിന്നും പുരസ്കാരങ്ങൾ ഏറ്റുവാങ്ങുമ്പോൾ അത് കേവലം ഒരു അവാർഡ് ആയിരുന്നില്ല, മറിച്ച് ഒരു നാടിന്റെ കൂട്ടായ്മയുടെ വിജയമായിരുന്നു.

നന്ദിയോടെ, അഭിമാനത്തോടെ...1911-ൽ കെ. ചാപ്പൻഅടിയോടിയും എം.പി. രാഘവമാരാരും പാകിയ വിത്ത് ഇന്ന് ഒരു വടവൃക്ഷമായി വളർന്നിരിക്കുന്നു.

എസ്.എസ്.എൽ.സിയിലെ തുടർച്ചയായ നൂറ് ശതമാനം വിജയവും, സ്കോളർഷിപ്പുകളും, ആധുനിക സാങ്കേതിക വിദ്യയിലുള്ള മികവും കുറുമ്പാലയെ വ്യത്യസ്തമാക്കുന്നു. ഈ വിജയത്തിന് പിന്നിൽ രാപ്പകൽ അധ്വാനിച്ച റഷീദ് സാർ എന്ന അമരക്കാരനും, ഒപ്പം നിന്ന സഹപ്രവർത്തകർക്കും, രക്ഷിതാക്കൾക്കും, പിടിഎ-എംപിടിഎ-എസ്എംസി അംഗങ്ങൾക്കും, കുട്ടികൾക്കും ഒരായിരം അഭിനന്ദനങ്ങൾ.

പഴയ ചുമരുകളിൽ പുതിയ കാലത്തിന്റെ മനോഹരമായ ചിത്രം വരച്ച നമുക്ക് ഇനിയും ഒരുപാട് ഉയരങ്ങൾ കീഴടക്കാനുണ്ട്. കുറുമ്പാലയുടെഈ വിജയഗാഥ വരുംതലമുറകൾക്ക് വലിയൊരു പ്രചോദനമാകട്ടെ.

സഹായിച്ചവർ,സഹകരിച്ചവർ ഒരു പാ



ടുണ്ട്.മന്ത്രി മുഹമ്മദ് റി യാസിൻെറ പി എ സുമ ന്ത്,ബഹു. സ്പീക്കറുടെ ഓഫീസിലെ രാജീവ് സർ,വീഡിയോ ഗ്രാഫർ രാജിത്ത്..........

എല്ലാവർക്കും നന്ദി.


ഹാരിസ് കെ
കോർഡിനേറ്റർ,
ഹരിത വിദ്യാലയം
ഗവ. ഹൈസ്കൂൾ കുറുമ്പാല



## അഭിമാന നേട്ടവുമായി ലിറ്റിൽ കൈറ്റ്സ്

# സംസ്ഥാന ക്യാമ്പിൽ കുറുമ്പാലയും

കുപ്പാടിത്തറ: ഐ ടി മേഖലയിലെ മികവിന് അംഗീകാരവുമായി കുറുമ്പാല ഗവ. ഹൈസ്കൂളിലെ അഫ്സില പി എം സംസ്ഥാന തല ലിറ്റിൽ കൈറ്റ്സ് ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അനിമേഷൻ വിഭാഗത്തിലാണ് അഫ്സില വയനാട് ജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുക്കുക.ഇത് രണ്ടാം തവണയാണ് കുറുമ്പാല സ്കൂളിലെ വിദ്യാർത്ഥികൾ ഈ നേട്ടം കൈവരിക്കുന്നത് എന്നത് സ്കൂളിന്റെ മികവിന് തെളിവാണ്.



2024-ൽ പ്രോഗ്രാമിംഗ് വിഭാഗത്തിൽ മുഹമ്മദ് നാഫിൽ സംസ്ഥാന തലത്തിൽ പങ്കെടുത്തിരുന്നു. ഇതിന് പിന്നാലെയാണ് ഇപ്പോൾ അഫ്സിലയുടെ നേട്ടം. ഈ വർഷം ജില്ലാ ക്യാമ്പിലേക്ക് കുറുമ്പാല സ്കൂളിലെ മൂന്ന് കുട്ടികൾ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.സംസ്ഥാന തലത്തിലേക്ക്തിരഞ്ഞെടുക്കപ്പെട്ട അഫ്സിലയെയും പരിശീലനം നൽകിയ അധ്യാപകരെയും സ്കൂൾ സ്റ്റാഫ് &പി.ടി.എഅഭിനന്ദിച്ചു.

## കുറുമ്പാല ഹൈസ്കൂളിൽ അക്കാദമിക

# പഠന ക്യാമ്പുകൾക്ക് ആവേശകരമായ സമാപനം





കുപ്പാടിത്തറ:കുട്ടികളുടെ അക്കാദമിക മികവ് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കുറുമ്പാല ഹൈസ്കൂളിൽ 2025-26 അധ്യയന വർഷം നടപ്പിലാക്കിയ വിവിധ പഠന ക്യാമ്പുകൾക്ക് ഉജ്ജ്വല സമാപനം. കുട്ടികളുടെ സർവ്വതോമുഖമായ പുരോഗതി ലക്ഷ്യമിട്ട് വിഭാവനം ചെയ്ത 'ഉയരെ', 'നിറവ് 2025', 'പ്രതിഭ 2025' തുടങ്ങിയ തനത് പദ്ധതികൾ വിജയകരമായി പൂർത്തിയാക്കി.

LSS, USS, NMMS തുടങ്ങിയ മത്സര പരീക്ഷകളിൽ മികച്ച വിജയം ഉറപ്പാക്കാൻ കുട്ടികൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ നൽകി.ഐ.ടി. മേഖലയിലെ നൂതനമായ അറിവുകൾ പകർന്നുനൽകുന്നതിനായി പ്രത്യേക ഐ.ടി. പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചു.പത്താം ക്ലാസ് പരീക്ഷയിൽ ഉയർന്ന ഗ്രേഡ് ഉറപ്പുവരുത്തുന്നതിനായി പ്രത്യേക 'പഠന ക്യാമ്പ്' സംഘടിപ്പിച്ചു. കുട്ടികൾക്ക് ലഘുഭക്ഷണമടക്കം നൽകി നടന്ന ക്യാമ്പ് ഏറെ ശ്രദ്ധേയമായി.പഠനത്തിൽ പിന്നാക്കംനിൽക്കുന്ന കുട്ടികൾക്കായി നടപ്പിലാക്കിയ 'ശ്രദ്ധ' പദ്ധതിയിൽ കുട്ടികൾ തന്നെ റിസോഴ്സ് പേഴ്സൺമാരായി മാറി സഹപാഠികളെ പരിശീലിപ്പിച്ചു.ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ പ്രാവീണ്യം നൽകുക എന്ന ഉദ്ദേശ്യത്തോടെ ഒമ്പതാം തരത്തിലെ കുട്ടികൾക്ക് ഒരു മാസത്തെ പ്രത്യേക പരിശീലനം നൽകി.പരിശീലനത്തിന് ബി ആർ സി ട്രൈനർ സിദ്ധാർത്ഥ് നേതൃത്വം നൽകി.സമാപനത്തോടനുബന്ധിച്ച് പത്താം ക്ലാസിലെ കുട്ടികൾക്ക് യാത്രയയപ്പ് ചടങ്ങും സംഘടിപ്പിച്ചു.എസ്.ആർ.ജി കൺവീനർമാർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

# മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു



കുപ്പാടിത്തറ:എസ്എസ്എൽസി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു.പരീക്ഷാകാലത്ത് മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്ലാസ് നൽകിയത്.പ്രമുഖ മോട്ടിവേഷൻ സ്പീക്കർ ആയ ജോസഫ് സർ ക്ലാസിന് നേതൃത്വം നൽകി. പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട രീതികൾ, സമയക്രമീകരണം, ഓർമ്മശക്തി വർധിക്കാനുള്ള വിദ്യകൾ എന്നിവ ക്ലാസിൽ അവതരിപ്പിച്ചു.

## 'അമൃതം നുകരാം'-പലഹാര മേള



കുപ്പാടിത്തറ:ആറാം ക്ലാസ്സിലെ കേരള പാഠാവലി 'അമൃതം നുകരാം' എന്ന യൂണിറ്റിലെ അടുക്കള,ചട്ടിപത്തിരി എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസിൽ പലഹാര മേള നടത്തി. അട, മോമോസ്,പഴംപൊരി, ഉള്ളിവട, സമൂസ, കൊയലപ്പം, പക്കവട,അച്ചപ്പം, നുള്ളിട്ടപ്പം എന്നിങ്ങനെ വിവിധ തരം പലഹാരങ്ങൾ ഒരുക്കി.മലയാളം അധ്യാപിക ലിജിന പ്രോഗ്രാം കോഡിനേറ്റ് ചെയ്തു.

## സ്നേഹ വിരുന്ന്

ഈ വർഷം സർവ്വീസിൽ നിന്ന് വിരമിക്കുന്ന സീനിയർ അധ്യാപിക അന്നമ്മ പി യു വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കുംഅധ്യാപകർക്കും ജീവനക്കാർക്കുമായി സ്നേഹ വിരുന്ന് നൽകി.

## പത്ര പ്രകാശനം



പത്ര വാർത്ത തയ്യാറാക്കുന്ന രീതിയും ഘടനയും മനസിലാക്കുക എന്ന ഉദ്ദേശ്യത്തോടെപഠനപ്രവർത്തനത്തിൻെറ ഭാഗമായി രണ്ടാം ക്ലാസുകാർ ക്ലാസ് പത്രം തയ്യാറാക്കി.ഹെഡ്മാസ്റ്റർപ്രകാശനം ചെയ്തു.

## 'സ്ക്വീസ് ഫ്രൂട്സ് ഫ്യൂഷൻ ഫെസ്റ്റ്'

കുപ്പാടിത്തറ:ഇംഗ്ലീഷ് കോച്ചിംഗ് ക്ലാസിലെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട് ഒമ്പതാം ക്ലാസിലെ വിദ്യാർത്ഥികൾ സ്ക്വീസ് ഫ്രൂട്സ് ഫ്യൂഷൻ ഫെസ്റ്റ്' നടത്തി. പഴങ്ങളിൽ എരിവും പുളിയും ചേർത്ത് കൊണ്ട് നടത്തിയ ഈ പ്രവർത്തനം ഏറെ ശ്രദ്ധേയമായി.പ്രോഗ്രാം ഹെഡ്മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

## അനുമോദിച്ചു

കുപ്പാടിത്തറ:ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പ്,എസ് എം സർവ്വർ ഉർദു ടാലൻറ് പരീക്ഷ,അറബിക് ടാലൻറ് പരീക്ഷകളിൽ പങ്കെടുത്ത് മികച്ച വിജയം നേടിയ കുട്ടികളെ സ്കൂൾ അസംബ്ലിയിൽ അനുമോദിച്ചു.

## യോഗം ചേർന്നു

കുപ്പാടിത്തറ: വിദ്യാലയത്തിൻെറ വാർഷികാഘോഷവും,യാത്രയയപ്പും നടത്തുന്നതുമായി ബന്ധപ്പെട്ട് പിടിഎ-എം പി ടി എ- എസ് എം സി സംയുക്ത യോഗങ്ങൾ ചേർന്നു.രണ്ട് പരിപാടികളും വിപുലമായ രൂപത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു.2026 മാർച്ച് 31 വാർഷികാഘോഷം നടത്താനും,പ്രസ്തുത ചടങ്ങിൽ ദീർഘകാലം വിദ്യാലയത്തിൽ സേവനം ചെയ്ത സീനിയർ ആധ്യാപിക അനു ടീച്ചർക്ക് യാത്രയയപ്പ് നൽകാനും തീരുമാനിച്ചു.

## നിറപൊലി 2026

കുപ്പാടിത്തറ: എട്ടാം ക്ലാസ്സിലെ സോഷ്യൽ സയൻസ് പാഠഭാഗ പ്രവർത്തനവുമായി ബന്ധപ്പെട്ട് "നിറപൊലി2026" എന്ന പേരിൽ കാർഷിക വിളകളുടെ ഒരു പ്രദർശനം സംഘടിപ്പിച്ചു.വിവിധ തരം കാർഷിക വിളകൾ പ്രദർശിപ്പിച്ചു. ഹെഡ്മാസ്റ്റർ റഷീദ് സർ ഉദ്ഘാടനംചെയ്തു.കുട്ടികൾ വിളകളെ കുറിച്ച് സംസാരിക്കുകയും വീടുകളിൽ നിന്ന് ജൈവ പച്ചക്കറികൾ എത്തിക്കുകയും ചെയ്തു.ഇതിൻെറ ഭാഗമായി 'ഞങ്ങളുടെ അടുക്കള തോട്ടം' എന്ന പേരിൽ വീട്ടിൽ ഒരു പച്ചക്കറി തോട്ടം പദ്ധതിക്കും തുടക്കം കുറിച്ചു.

## പിറന്നാളിനൊരു പൂച്ചെടി



## ഹരിത വിദ്യാലയം

# വാർത്തകളിൽ നിറഞ്ഞ് ജി എച്ച് എസ് കുറുമ്പാല

### മലയാള മനോരമ



കൈറ്റ് ഹരിത വിദ്യാലയം 4.0 വിദ്യാഭ്യാസ റിയാലിറ്റി ഷോയിൽ ഗ്രാൻഡ് ഫിനാലെയിൽ എത്തിയ കുറുമ്പാല ഗവ. ഹൈസ്കൂളിനു മന്ത്രി വി.ശിവൻകുട്ടി അവാർഡ് സമ്മാനിക്കുന്നു. കൈറ്റ് സിഇഒ കെ.അൻവർ സാദത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ ഉമേഷ് സമീപം.

## അഭിമാന നേട്ടവുമായി കുറുമ്പാല ഗവ.ഹൈസ്കൂൾ

കൽപറ്റ ● പൊതു വിദ്യാലയങ്ങളുടെ മികവുകൾ പങ്കുവയ്ക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യുക്കേഷൻ (കൈറ്റ്) സംഘടിപ്പിച്ച വിദ്യാഭ്യാസ റിയാലിറ്റി ഷോ ആയ 'കൈറ്റ് ഹരിത വിദ്യാലയം 4.0' യിൽ ഗ്രാൻഡ് ഫിനാലെയിൽ ജില്ലയ്ക്കു മികച്ച നേട്ടവുമായി കുറുമ്പാല ഗവ. ഹൈസ്കൂൾ ഗ്രാൻഡ് ഫിനാലെയിൽ എത്തി. ജില്ലയിലെ ഗോത്ര വിഭാഗ വിദ്യാർഥികളുടെ മികവ് ഉയർത്താനായി ആസൂത്രണം ചെയ്തു നടപ്പിലാക്കിയ വേറിട്ട പദ്ധതികൾ ആണ് ഫൈനൽ വരെ എത്താൻ സ്കൂളിനു മുതൽക്കൂട്ടായത്.

തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ മന്ത്രി വി.ശിവൻകുട്ടിയാണ് അവാർഡുകൾ വിതരണം ചെയ്തത്. സംസ്ഥാനത്തെ 825 സ്കൂളുകളിൽ നിന്നു തിരഞ്ഞെടുത്ത 86 സ്കൂളുകളാണ് 'കൈറ്റ് ഹരിത വിദ്യാലയം 4.0'യുടെ ആദ്യ റൗണ്ടിൽ മത്സരിച്ചത്. അതിൽ നിന്നു തിരഞ്ഞെടുത്ത 26 സ്കൂളുകളാണ് രണ്ടാം റൗണ്ടിൽ എത്തിയത്. രണ്ട് ലക്ഷത്തോളം കുട്ടികളാണ് വിവിധ ഘട്ടങ്ങളിലായി ഷോയുടെ ഭാഗമായത്.



■ ഹരിതവിദ്യാലയം

**പുരസ്കാരം ഏറ്റുവാങ്ങി കുറുമ്പാല ഗവ. ഹൈസ്കൂൾ**

ഹരിതവിദ്യാലയം പുരസ്കാരം മന്ത്രി വി. ശിവൻകുട്ടിയിൽ നിന്ന് സ്കൂൾ അധികൃതർ ഏറ്റുവാങ്ങുന്നു



WYD 2026 മാർച്ച് 03 ചൊവ്വ

**'ഹരിത വിദ്യാലയം' പുരസ്കാരത്തിളക്കത്തിൽ കുറുമ്പാല എച്ച്എസ്എസ്**

'കൈറ്റ് ഹരിത വിദ്യാലയം 4.0' ഗ്രാൻഡ് ഫിനാലെയിൽ ഫൈനലിലെത്തിയ കുറുമ്പാല ഗവ. ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ മന്ത്രി വി ശിവൻകുട്ടിയിൽനിന്ന് സമ്മാനം ഏറ്റുവാങ്ങുന്നു



**'ഹരിതവിദ്യാലയം' പുരസ്കാര തിളക്കത്തിൽ കുറുമ്പാല ഗവ.ഹൈസ്കൂൾ**












വാർത്തകൾ തയ്യാറാക്കിയത്: ഫരീദ പി എച്ച,സുഹൈല ഫാത്തിമ,സിത്താര